II. അടിയന്തിരപ്രമേയം

പനമരം അഞ്ചുകുന്ന് ലക്ഷംവീട് കോളനിയിലെ ബാലൻ എന്ന ആദിവാസി യുവാവിന്റെ ദുരൂഹമരണം സംബന്ധിച്ച്

മി. ഡെപ്യൂട്ടി സ്പീക്കർ: എക്സൈസുകാർ കസ്റ്റഡിയിൽ എടുത്ത പനമരം ഒന്നാംമൈൽ ലക്ഷം വീട് കോളനിയിലെ ബാലൻ (40 വയസ്സ്) എന്ന ആദിവാസി യുവാവിനെ തിങ്കളാഴ്ച രാവിലെ വാഴത്തോട്ടത്തിലെ വേപ്പുമരത്തിൽ
9.30 a. m.] ഗുരുതരമായ പരുക്കുകളോടെ തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ടിരുന്നു. എക്സൈസുകാരുടെ ഭീകരമായ മർദ്ദനത്തിൽ മരിച്ച ബാലനെ കെട്ടിത്തൂക്കിയതാണെന്ന് അറിഞ്ഞതോടെ നാട്ടിലാകെ സംജാതമായിരിക്കുന്ന ആശങ്കയും സംഭ്രമജനകമായ അന്തരീക്ഷവും സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. കെ. രാധാകൃഷ്ണൻ, കെ. പി. രാജേന്ദ്രൻ, എ. എ. അസീസ്, പി. സി. ജോർജ്, സി. കെ. നാണു, കെ. സി. ജോസഫ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): സർ, വ്യാജമദ്യവും വ്യാജവാറ്റും തടയുന്നതിന് ശക്തമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഈ സഭയിലെ തന്നെ ഭരണ-പ്രതിപക്ഷകക്ഷി ഭേദമെന്യേ എം.എൽ.എ.-മാർ ഉൾപ്പെടെയുള്ളവർ വ്യാജമദ്യവും വ്യാജവാറ്റും തടയുന്നതിന് നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുമുണ്ട്. കഴിഞ്ഞ ജൂലൈ 2, വെള്ളിയാഴ്ച കർണ്ണാടകയിൽ നിന്ന് 35 പാക്കറ്റ് ചാരായവുമായി വന്ന ബാലൻ എന്ന ആളെ ബാവലി ചെക്ക് പോസ്റ്റിൽ വച്ച് വൈകുന്നേരം 7.30 മണിക്ക് എക്സൈസുകാർ പിടിച്ച് മാനന്തവാടി റെയ്ഞ്ചിൽ ഏൽപ്പിച്ചു. അന്ന് തന്നെ സജീവൻ എന്ന ഒരാളെ 120 ലിറ്റർ സ്പിരിറ്റുമായി ഓട്ടോറിക്ഷയിൽ പോകുമ്പോൾ പിടിക്കുകയുണ്ടായി. ഇവരെ രണ്ടുപേരേയും പിറ്റേ ദിവസം മാനന്തവാടി മജിസ്ട്രേട്ട് കോടതിയിൽ കൊണ്ടുപോയി എങ്കിലും മജിസ്ട്രേട്ട് ലീവ് ആയതിനാൽ വൈകിട്ട് 5 മണിക്ക് സുൽത്താൻ ബത്തേരി കോടതിയിൽ ഹാജരാക്കി മജിസ്ട്രേട്ട് ഇവരെ വൈത്തിരി സബ്ബ് ജയിലിലേയ്ക്ക് റിമാന്റ് ചെയ്തു. ജയിലിൽ ഭക്ഷണം ഇല്ലാത്തതിനാൽ മാനുഷിക പരിഗണന വച്ച് അവരെ വൈകുന്നേരം 7 മണിക്ക് ഒരു ഹോട്ടലിൽ കൊണ്ടുപോയി ഭക്ഷണം വാങ്ങി കൊടുക്കുകയും തിരിച്ച് വണ്ടിയിൽ കൊണ്ടുവരുമ്പോൾ കൂടെ ഉണ്ടായിരുന്ന മൂന്ന് എക്സൈസ് ഉദ്യോഗസ്ഥന്മാരെ തട്ടി മാറ്റി ബാലനും സജീവനും ഓടി രക്ഷപ്പെടാൻ ശ്രമിക്കുകയും ചെയ്തു. നാട്ടുകാരുടെ സഹായത്തോടുകൂടി സജീവനെ പിടികൂടി. എന്നാൽ ബാലൻ ഓടി രക്ഷപ്പെട്ടു. 5-ാം ദിവസം സ്വന്തം വീടിനടുത്ത് തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ടു. അതിനെ സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തി വരുകയാണ്. അതുകൊണ്ട് ഇത് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി വളരെ ലാഘവബുദ്ധിയോടുകൂടിയുള്ളതാണെന്ന് പറയേണ്ടി വന്നതിൽ ഖേദിക്കുകയാണ്. ഇതിനു മുമ്പും ഇതുപോലുള്ള കാര്യത്തിന് ഇവിടെ അടിയന്തിരപ്രമേയം അവതരിപ്പിക്കുകയുണ്ടായിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ഇടവണ്ണ പഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ട പാലത്തി എന്ന സഹോദരിയെ എക്സൈസുകാർ ചവിട്ടിക്കൊന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആ എക്സൈസുകാരെ താൽക്കാലികമായി സസ്പെന്റ് ചെയ്ത്, പിന്നീട് പ്രൊമോഷനോടുകൂടി തിരിച്ചെടുത്തിരിക്കുകയാണ്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, വാറ്റു ചാരായം തടയുന്ന പ്രവർത്തനവുമായി ബന്ധപ്പെട്ട് ചില നിലപാടുകളെല്ലാം സ്വീകരിക്കുകയുണ്ടായി എന്നാണ്. അതിൽ എല്ലാവരും സഹകരിക്കുമെന്നാണ് പറയുന്നത്. ഈ ദാരുണമായ സംഭവത്തിൽ ഖേദം പ്രകടിപ്പിക്കാൻ പോലും മന്ത്രി തയ്യാറായില്ല. പാവപ്പെട്ട ഒരു ആദിവാസിയെ തല്ലിക്കൊന്ന് കെട്ടുതൂക്കിയിരിക്കുന്നു എന്നാണ് റിപ്പോർട്ട് വന്നിരിക്കുന്നത്. അത് സംബന്ധിച്ച് എനിക്ക് പറയാനുള്ളത്, വയനാട് ജില്ലയിൽ പനമരം പഞ്ചായത്തിൽ അഞ്ചുകുന്ന് 1-ാം മൈൽ ലക്ഷംവീട് കോളനിയിൽ ബാലൻ (കാവലൻ) എന്ന ആദിവാസി യുവാവ് പാക്കറ്റ് ചാരായം കൈവശം വച്ചു എന്ന കേസിൽ എക്സൈസുകാർ അറസ്റ്റ് ചെയ്തു. എക്സൈസുകാരുടെ അറസ്റ്റിനെ തുടർന്ന് അദ്ദേഹത്തിന് മാരകമായ മർദ്ദനമാണ് ഏൽക്കേണ്ടിവന്നത്. അദ്ദേഹത്തിന്റെ ഭാര്യ അദ്ദേഹത്തെ കാണാൻ ചെന്ന സമയത്ത് മർദ്ദനത്തെ സംബന്ധിച്ച് അവരോട് പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തെ അറസ്റ്റ് ചെയ്തത് ജൂലൈ 2-ാം തീയതിയാണ്. എന്നാൽ 2-ാം തീയതി അറസ്റ്റ് ചെയ്തിട്ട് 5-ാം തീയതി വരെ എക്സൈസുകാരുടെ കസ്റ്റഡിയിലാണ് ഉണ്ടായിരുന്നത്. എക്സൈസുകാരുടെ മർദ്ദനത്തിലാണ് ബാലൻ മരിച്ചത് എന്ന് കുടുംബക്കാരും നാട്ടുകാരും സംശയിച്ചിരിക്കുകയാണ്. സാഹചര്യം വച്ച് നോക്കിയാലും നമുക്ക് അത് മനസ്സിലാക്കാൻ കഴിയും. 2-7-2004-നാണ് കർണ്ണാടക-കേരള അതിർത്തിയിലെ ബാവലിയിൽ വച്ച് ബാലനെ എക്സൈസുകാർ അറസ്റ്റ് ചെയ്തത്. മാനന്തവാടി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർക്ക് അവർ കൈമാറുകയും ചെയ്തു. കാവലന്റെ ഭാര്യ ഈ വിവരം അറിഞ്ഞുകൊണ്ട് അദ്ദേഹത്തെ കാണാൻവേണ്ടി ചെല്ലുകയും ചെയ്തു. ഭാര്യയുടെ മുമ്പിലിട്ടുതന്നെ എക്സൈസുകാർ കാവലനെ മൃഗീയമായി മർദ്ദിക്കുകയുണ്ടായി. പിന്നീടാണ് 5-7-2004 തിങ്കളാഴ്ച കാവലൻ താമസിച്ചിരുന്ന കോളനിക്ക് സമീപത്തുള്ള വാഴത്തോട്ടത്തിൽ തൂങ്ങി മരിച്ച നിലയിൽ മൃതദേഹം കണ്ടെത്തിയത്. മൃതദേഹത്തിൽ മാരകമായ മുറിവുകൾ ഉണ്ടായിരുന്നു എന്നാണ് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ തന്നെ ചൂണ്ടിക്കാണിക്കുന്നത്. രണ്ട് കാലിനടിയിലും മാരകമായിട്ടുള്ള മുറിവുകൾ ഏറ്റിരുന്നു. മൃതദേഹം കാണപ്പെട്ട സ്ഥലത്ത് രക്തം തളംകെട്ടി നിന്നിരുന്നു എന്നാണ് ദൃക്സാക്ഷികൾ പറഞ്ഞത്. ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ മുറിവുകളും ഉണ്ടായിരുന്നു. കസ്റ്റഡിയിൽ എടുത്തശേഷം കോളനി നിവാസികളും പരിസരവാസികളും കാവലനെ കണ്ടത് മരിച്ച നിലയിലാണ്. കോടതി റിമാന്റ് ചെയ്തശേഷം കാവലൻ കസ്റ്റഡിയിൽ നിന്നും രക്ഷപ്പെട്ടു എന്നാണ് മന്ത്രിയും എക്സൈസുകാരും പറഞ്ഞത്. റിമാന്റ് ചെയ്താൽ സാധാരണ ഗതിയിൽ എക്സൈസുകാർ തന്നെയാണോ കൊണ്ടുപോവുക? അവരെ പോലീസിന് കൈമാറേണ്ടതല്ലേ? എന്തുകൊണ്ടാണ് റിമാന്റ് ചെയ്ത പ്രതിയെ എക്സൈസുകാർ പോലീസിന് കൈമാറാതെ അവർതന്നെ കൊണ്ടുപോയത്? അവിടെ ദുരൂഹത വർദ്ധിക്കുകയാണ്. അതിനേക്കാൾ ഉപരി കാവലന്റെ ഡെഡ്ബോഡി കാണുന്നതിന്റെ തലേദിവസം കുറേ എക്സൈസുകാർ കാവലന്റെ വീട്ടിൽ ചെല്ലുകയും ഭാര്യയെ ഭീഷണിപ്പെടുത്തി ഒരുപാട് കടലാസുകൾ ഒപ്പിടുവിച്ച് വാങ്ങുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

എന്തിനുവേണ്ടിയായിരുന്നു ഈ പാവപ്പെട്ട ആദിവാസി യുവാവിന്റെ ഭാര്യയെ ഭീഷണിപ്പെടുത്തി കടലാസുകൾ ഒപ്പിട്ട് വാങ്ങിയത്? അവിടേയും ദുരൂഹത വർദ്ധിക്കുകയാണ്. എക്സൈസുകാർ കസ്റ്റഡിയിൽ എടുത്ത് മർദ്ദിച്ച് കൊന്നതിനു ശേഷം കെട്ടിതൂക്കിയതാണ് എന്ന് ജനങ്ങൾ ആകെ സംശയിക്കുകയാണ്. സാഹചര്യ തെളിവുകളും അങ്ങനെയാണ് കാണിക്കുന്നത്. ഭർത്താവിന്റെ മരണത്തെ സംബന്ധിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അദ്ദേഹത്തിന്റെ ഭാര്യ അമ്മിണി പരാതി നൽകിയിരിക്കുകയാണ്. അതുപോലെ അവിടത്തെ ജനങ്ങൾ ആകെ തന്നെ ഭയങ്കരമായി പ്രതിഷേധത്തിലാണ്. നിയമസഭയുടെ എസ്. സി./എസ്. റ്റി. ക്ഷേമ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് വ്യാപകമായിട്ടുള്ള ആവശ്യം ഉയർന്നു വന്നിരിക്കുകയാണ്. ഇപ്പോൾ ആദിവാസികളെ ആർക്കും എന്തും ചെയ്യാം എന്നുള്ള സ്ഥിതിയിൽ എത്തിയിരിക്കുകയാണ്. ആര് എന്ത് പറഞ്ഞാലും ഉടനെ പറയും മുത്തങ്ങ ആവർത്തിക്കുമെന്ന്. ഇങ്ങനെ മുത്തങ്ങ ആവർത്തിക്കുമെന്ന് ഭരണാധികാരികളും ഉദ്യോഗസ്ഥൻമാരും ചില പ്രമാണികളുമെല്ലാം തന്നെ പറഞ്ഞുകൊണ്ട് ആദിവാസികളെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ആദിവാസികളുടെ വംശനാശം വരുത്തുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായിട്ടുള്ള ശ്രമങ്ങളാണ് എല്ലാ മേഖലയിലും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അത്യന്തം ഭീകരമായിട്ടുള്ള അവസ്ഥ സൃഷ്ടിച്ച ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിക്കുമെന്ന് പറയാനുള്ള ആർജ്ജവം ബഹുമാനപ്പെട്ട മന്ത്രി കാണിച്ചിട്ടില്ല. ഞാൻ നേരത്തെ സൂചിപ്പിച്ച പാലത്തി എന്ന പട്ടികജാതി യുവതിയെ ചവിട്ടി കൊന്ന എക്സൈസുകാർക്ക് പ്രൊമോഷൻ കൊടുക്കുന്ന സ്ഥിതിയാണെങ്കിൽ ഇനി ആരേയും എന്തും ചെയ്യാം എന്ന അവസ്ഥയിലേയ്ക്കാണ് പോലീസും എക്സൈസും എത്തിച്ചേരാൻ പോകുന്നത്. പാവപ്പെട്ട ആദിവാസി യുവാവിനെ കസ്റ്റഡിയിൽ എടുത്ത് തല്ലിക്കൊന്ന് കെട്ടിതൂക്കിയിരിക്കയാണ്. ഇതൊരു കൊലപാതകമാക്കി കേസ്സ് എടുത്ത് എക്സൈസുകാരുടെ പേരിൽ നടപടി സ്വീകരിക്കാൻ തയ്യാറാകാത്ത ഈ ഗവൺമെന്റിന്റെ നിലപാടിൽ ഞാൻ പ്രതിഷേധിക്കുകയാണ്. ആദിവാസികളെ ഇത്രയേറെ ഭീകരമായി കൈകാര്യം ചെയ്യുന്ന ഈ നടപടിയെ സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യുകയും ഒരു ആദിവാസി പോലും ഇത്തരത്തിൽ ഇനി കൊല ചെയ്യപ്പെടാൻ പാടില്ല എന്ന് ഉറപ്പ് വരുത്തുകയും വേണം. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഈ കാര്യം ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

<u>ശ്രീമതി രാധാ രാഘവൻ:</u> സർ, ഈ സംഭവം നടന്നത് എന്റെ നിയോജക മണ്ഡലത്തിലാണ്. ഈ സംഭവത്തിന്റെ യഥാർത്ഥ പ്രശ്നങ്ങൾ പുറത്തു കൊണ്ടുവരാൻവേണ്ടി സമഗ്രമായ അന്വേഷണം നടത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി <u>(പ്രൊഫ. കെ. വി. തോമസ്):</u> കുറ്റവാളികളെ സംരക്ഷിക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. ചില യാഥാർത്ഥ്യങ്ങൾ കാണാൻ കഴിയണം. ഈ സഭ തുടങ്ങിയതിനുശേഷം ഈ സഭയിലെ രണ്ടു ഭാഗത്തുമുള്ള എം.എൽ.എ.-മാർ റെയിഡുകൾ നടത്തണമെന്നും

LIBRARY ARCHIVES Kerala Legislative Assembly

നടപടിയെടുക്കണമെന്നും എന്നോട് നേരിട്ട് പറഞ്ഞിട്ടുണ്ട്. ഞാൻ ഇവിടെ പേര് പറയാൻ ഉദ്ദേശിക്കുന്നില്ല. (ബഹളം).....ഞാൻ മറുപടി പറയട്ടെ, ഒരു ഭാഗത്ത് കള്ളച്ചാരായത്തിന് എതിരായി നടപടിയെടുക്കണമെന്ന് പറയുന്നു. മറുഭാഗത്ത് നടപടിയെടുത്തു വരുമ്പോൾ കുറ്റാരോപണം ഉണ്ടാകുന്നു. ഈ കേസ് ഗവൺമെന്റ് വളരെ ഗൗരവമായി എടുത്തിരിക്കുകയാണ്. ബാലനെ പിടിച്ചത് രണ്ടാം തീയതിയാണ്. മൂന്നാം തീയതി കോടതിയിൽ ഹാജരാക്കി. അന്ന് അയാൾ രക്ഷപ്പെട്ടു. പിന്നെ മരണം.....ഇതെല്ലാം പരിശോധിക്കാൻ ഗവൺമെന്റ് നടപടി എടുത്തിട്ടുണ്ട്. വളരെ സമഗ്രമായ നടപടികളാണ് എടുത്തിരിക്കുന്നത്. പോലീസിന്റെ അന്വേഷണവുമുണ്ട്, എക്സൈസിന്റെ അന്വേഷണവുമുണ്ട്. രണ്ട് അന്വേഷണവും സമഗ്രമായി നടക്കുന്നുണ്ട്. അതിന്റെ പ്രിലിമിനറി റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ആവശ്യമായ നടപടിയുണ്ടാകും. സഭാനടപടികൾ നിർത്തിവച്ച് ഇക്കാര്യം ചർച്ച ചെയ്യേണ്ടതില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: മന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക ഗുരുതരമായ സ്ഥിതിവിശേഷം നിലവിലില്ല എന്നു കാണുന്നതിനാൽ അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ സീരിയസ് ആയിട്ട് തന്നെ ഇക്കാര്യം കൈകാര്യം ചെയ്യാൻ ഉദ്ദേശിക്കുന്നു എന്ന് പറഞ്ഞത് സ്വാഗതാർഹം തന്നെയാണെങ്കിലും അദ്ദേഹം മറ്റൊരു കാര്യം പറയുമെന്ന് പ്രത്യാശിച്ചു. എന്താണെന്നുവച്ചാൽ ബാലനെന്ന ആദിവാസി യുവാവിനെ പിടികൂടി കേസ് എടുത്താൽപ്പിന്നെ എക്സൈസുകാർ പോലീസിനെയാണ് ഏൽപ്പിക്കേണ്ടത്. പോലീസിനെ ഏൽപ്പിക്കാതെ വളരെ ക്രൂരമായിട്ടുള്ള തരത്തിൽ മർദ്ദിച്ച് കൊലപ്പെടുത്തിയശേഷം കെട്ടിത്തൂക്കിയ സംഭവമാണ് ഉണ്ടായിരിക്കുന്നത്. അങ്ങനെ കെട്ടിത്തൂക്കിയ ഉദ്യോഗസ്ഥന്മാരെ കുറ്റവാളികളാക്കി കൊലക്കേസിൽ പ്രതികളാക്കിക്കൊണ്ടുള്ള കേസ് ചാർജ്ജ് ചെയ്യുമെന്നുള്ള നിലയിൽ മന്ത്രി പറയുമെന്നാണ് ഞങ്ങളെല്ലാപേരും പ്രതീക്ഷിച്ചത്. അങ്ങനെ ചെയ്തില്ല എന്നു മാത്രമല്ല ഇതിനുമുമ്പ് ഒരു ആദിവാസിയെ ചവിട്ടിക്കൊന്ന പ്രതികൾക്ക് പ്രൊമോഷൻ കൊടുത്ത പാരമ്പര്യമുള്ള ഒരു വകുപ്പ്, ഈ കുറ്റവാളികൾക്കും അതുപോലുള്ള സംരക്ഷണം കൊടുക്കാൻ ഇടയുണ്ട് എന്ന് ന്യായമായി സംശയിക്കത്തക്ക തരത്തിലുള്ള ഒരു മറുപടിയായിപ്പോയി അദ്ദേഹത്തിന്റേത്. പാവപ്പെട്ട ആദിവാസികൾ തൊഴിലില്ലാതെ ജീവിക്കാൻ നിർവ്വാഹമില്ലാതെ പാക്കറ്റ് ചാരായം വല്ലതും വാങ്ങി, ഇടയ്ക്ക് കമ്മീഷൻ ഒക്കെ കിട്ടുമെങ്കിൽ അതിന്റെയടിസ്ഥാനത്തിൽ ജീവിക്കാൻ വേണ്ടി—ഇത്തരം തെറ്റായ നടപടികൾ സ്വീകരിക്കുന്നില്ല എന്ന് ഞങ്ങളാരും പറയുന്നില്ല—ഇങ്ങനെ ചെയ്യുമ്പോൾ അവരെ പിടിച്ചുകൊണ്ടുപോയി തല്ലിക്കൊല്ലാമോ? തല്ലിക്കൊന്നതിനുശേഷം കെട്ടിത്തൂക്കിയിട്ട് അയാൾ തന്നത്താൻ ചത്തതാണെന്നുള്ള നിലയിലുള്ള സമീപനം എടുക്കുന്നത് നാണംകെട്ട സമീപനമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കസ്റ്റഡിയിലും,

LIBRARY ARCHIVES Kerala Legislative Assembly

ലോക്കപ്പിലും, എക്സൈസുകാർ മുഖേനയും 148 പേരാണ് ഇതിനകം കശാപ്പു ചെയ്യപ്പെട്ടത്. ഹീനമായിട്ടുള്ള രീതിയിലാണ് ഇവർ പെരുമാറുന്നത് എന്നുള്ളതിന് ഒന്നാന്തരം തെളിവാണ്. അതുകൊണ്ട് ഇത് അവസാനിപ്പിക്കുമോ ഇല്ലയോ എന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമായ ഉത്തരം ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്ന് കിട്ടാത്തതുകൊണ്ട്.....

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രകടിപ്പിച്ച ഉൽക്കണ്ഠയും വികാരവും മനസ്സിലാക്കുന്നു. അതുപോലെ സ്ഥലം എം.എൽ.എ. ശ്രീമതി രാധാ രാഘവനും (സാധാരണ അധികം സംസാരിക്കുന്ന കൂട്ടത്തിലല്ല,) വളരെ വികാരഭരിതയായി ഈ പ്രശ്നത്തിന്റെ ഗൗരവം ഉന്നയിച്ചു. അതുകൊണ്ട് പ്രാഥമിക നടപടിയെന്ന നിലയിൽ വയനാട് ജില്ലാ കളക്ടറെക്കൊണ്ട് അന്വേഷിപ്പിക്കാം അതിനുശേഷം ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അതേക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ക്ലിയറായില്ല. ഈ കുറ്റവാളികൾക്ക് എതിരായി കൊലക്കുറ്റത്തിന് കേസ് എടുക്കുമെന്ന് പ്രതീക്ഷിക്കാമോ എന്നാണ് അറിയേണ്ടത്.

ശ്രീ. എ. കെ. ആന്റണി: ഞാൻ ഒരു നടപടിയും തടസ്സപ്പെടുത്തിയിട്ടില്ല. ആദ്യം പ്രാഥമികാന്വേഷണം ജില്ലാ കളക്ടറെ കൊണ്ട് നടത്തിച്ചിട്ട് ആവശ്യമായ ശക്തമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കാം. ആദ്യം അന്വേഷണം നടക്കട്ടെ, പ്രാഥമികാന്വേഷണം നടന്നതിനുശേഷം അതിന്റെ വെളിച്ചത്തിൽ വേണ്ട നടപടികൾ സ്വീകരിക്കാം.

III. ശ്രദ്ധക്ഷണിക്കൽ

(1) ബീഡി വ്യവസായത്തേയും ദിനേശ് ബീഡി സഹകരണ സംഘത്തേയും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വളരെ ഗൗരവമുള്ള ഒരു വിഷയമാണ് ഞാൻ ഇവിടെ ഉന്നയിക്കാൻ പോകുന്നത്. ഉത്തരകേരളത്തിൽ ഏറ്റവും അധികം പേർക്ക് ജോലി നൽകിവന്നിരുന്ന ഒരു വ്യവസായമായിരുന്നു ബീഡി വ്യവസായം. ആ മേഖലയിലെ വളരെയധികം കുടുംബങ്ങൾ കഴിഞ്ഞുകൂടിയിരുന്നത് ഈ ബീഡി തൊഴിൽ കൊണ്ടായിരുന്നു. രണ്ടു ലക്ഷം പേർക്ക് ഈ വ്യവസായം വഴി ജോലി ലഭിച്ചിരുന്നു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലും ചാവക്കാട് മേഖലയിലുമാണ് ഇപ്പോൾ മുഖ്യമായി ബീഡി വ്യവസായം കേന്ദ്രീകരിച്ചിരിക്കുന്നത്. ഇന്ന് ഈ വ്യവസായം പ്രതിസന്ധിയിലാണ്. തൊഴിലാളികളുടെ എണ്ണം ഒന്നേകാൽ ലക്ഷമായിട്ട് കുറഞ്ഞു. 1968-ൽ കേന്ദ്ര ഗവൺമെന്റ് പാസാക്കിയ ബീഡി-സിഗാർ നിയമം കേരളത്തിൽ മാത്രമേ നടപ്പിലാക്കിയിരുന്നുള്ളൂ. ഇതിന്റെ ഫലമായി മറ്റ് സംസ്ഥാനങ്ങളിൽ ചുരിങ്ങിയ കൂലി കൊടുത്ത് ബീഡി തെറുക്കുന്ന സ്ഥിതി വിശേഷം വന്നു. അതിന്റെ ഫലമായി കേരളത്തിലെ ബീഡി സ്ഥാപനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly